38446

**കേരള സർക്കാർ**
**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നമ്പർ 18293/ഔ.ഭാ4/15/ഉഭപവ

തിരുവനന്തപുരം
തീയതി : 14.10.2015

## സർക്കുലർ

വിഷയം:- 2015 ലെ മലയാളം ശ്രേഷ്ഠ ഭാഷാ ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സംഘടിപ്പിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ - സംബന്ധിച്ച്

കേരളത്തിലെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച് 18.03.2002-ൽ സ.ഉ. (അച്ചടിച്ചത്) നം.31/2002/ഉഭപവ പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാ മാറ്റത്തിന് ഉതകുംവിധമുള്ള ചർച്ചകളും സെമിനാറുകളും മറ്റും സംസ്ഥാന-ജില്ലാ-താലൂക്ക്-പഞ്ചായത്തു തലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നിർദേശം നൽകിക്കൊണ്ട് 02.05.2002-ാം തീയതി സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 20/2002/ഉ.ഭ.പ.വ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പരിധിയിൽ നിന്ന് ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നഡ എന്നിവയും മറ്റു ഭാഷകളും മാതൃഭാഷകളായിട്ടുള്ള കുട്ടികളെ ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ ഉത്തരവുകളുടെ വെളിച്ചത്തിൽ ഈ വർഷവും ആഘോഷപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. നവംബർ മാസത്തിലെ ആദ്യത്തെ പ്രവൃത്തി ദിവസം മലയാളം - ശ്രേഷ്ഠ ഭാഷാ ദിനാഘോഷവും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാഘോഷവും സംസ്ഥാനത്ത് വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നവംബർ മാസത്തിലെ ആദ്യ പ്രവൃത്തി ദിവസം രാവിലെ 11 ന് എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ ഓഫീസുകളിലും ഓഫീസ് തലവന്റെ അദ്ധ്യക്ഷതയിൽ ഭരണഭാഷാ സമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെ ചേർത്തിട്ടുള്ള ഭരണഭാഷാ പ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

> "മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".

2. ഭരണഭാഷാ വാരാഘോഷക്കാലത്ത് ഓഫീസുകളിലും സ്കൂളുകളിലും ആഘോഷം സംബന്ധിച്ച ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

ബാനറിന്റെ മാതൃക

"ഭരണഭാഷ - മാതൃഭാഷ"
മലയാളം-ശ്രേഷ്ഠ ഭാഷാ ദിനാഘോഷം - 2015 നവംബർ മാസത്തെ
ആദ്യ പ്രവൃത്തി ദിവസം
ഭരണഭാഷാവാരാഘോഷം - 2015 നവംബർ 1 മുതൽ 7 വരെ

3. വാരാഘോഷക്കാലത്ത് വിവിധ വകുപ്പുകളിലും ഓഫീസുകളിലും ഭാഷാപോഷണത്തിനും ഭരണഭാഷാ മാറ്റത്തിനും ഉതകുന്ന പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ, സത്സേവന രേഖയും ഭരണഭാഷാ സേവന പുരസ്കാരവും ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്കാരവും ലഭിച്ചവർക്കുള്ള അനുമോദനം തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്. അതോടൊപ്പം വിവിധ വകുപ്പുകൾക്ക് യോജിച്ചതും ഭാഷാമാറ്റ പുരോഗതി കൈവരിക്കുന്നതിന് ഉതകുന്നതുമായ മറ്റു പരിപാടികളും നടപ്പിലാക്കാവുന്നതാണ്.

4. ഓഫീസുകളിൽ ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ് പദങ്ങളും സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

5. മലയാളം-ശ്രേഷ്ഠ ഭാഷാ ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സംബന്ധിച്ച് കീഴ് ഓഫീസുകളിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ സമാഹരിച്ച് വിശദമായ ഒരു റിപ്പോർട്ട് തയാറാക്കി എല്ലാ വകുപ്പ് തലവൻമാരും നവംബർ 30 നു മുൻപ് ഔദ്യോഗികഭാഷാ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയക്കേണ്ടതാണ്.

6. സംസ്ഥാനതല ആഘോഷപരിപാടികളുടെ ഭാഗമായി നവംബർ മാസത്തെ ആദ്യ പ്രവൃത്തി ദിവസം സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ ചേരുന്ന യോഗത്തിൽ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർക്ക് ചീഫ് സെക്രട്ടറി ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നതാണ്.

7 ജില്ല/താലൂക്ക്തല ആഘോഷത്തിന്റെ ചെലവ് ജില്ലാ കളക്ടർക്ക വേണ്ടി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള "മറ്റു ചെലവുകൾ" എന്ന കണക്കിലും പഞ്ചായത്ത് തലത്തിലുള്ള പരിപാടികളുടെ ചെലവ് ബന്ധപ്പെട്ട പഞ്ചായത്തിന്റെ കണക്കിലും വകയിരുത്തേണ്ടതാണ്.

**മിനി ഭാസ്കർ. എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**
**പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി**

പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസുകൾക്കും
ഔദ്യോഗിക ഭാഷസംബന്ധിച്ച നിയമസഭാസമിതി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ജില്ലാ കളക്ടർമാർ
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

2. ഭരണഭാഷാ വാരാഘോഷം... സംബന്ധിച്ച ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

മേലെഴുത്ത് നം.ജി 3/38446/2015/കോ.വി.വ                    തീയതി. 27/10/2015

സർക്കാർ കത്തിന്റെ പകർപ്പ് എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരുടേയും, കോളേജ് പ്രിൻസിപ്പാൾമാരുടേയും അറിവിലേയ്ക്കും മേൽനടപടികൾക്കുമായി അയയ്ക്കുന്നു.

(ഒപ്പ്)
ഡോ.തോമസ് കുരുവിള
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ.28/10/2015